(ബി)

ആലപ്പുഴ — 56200 ക്വിന്റൽ
പാലക്കാട് — 41968 ക്വിന്റൽ
കോട്ടയം — 15743 ക്വിന്റൽ
എറണാകുളം — 2774 ക്വിന്റൽ
തൃശ്ശൂർ — 2199 ക്വിന്റൽ
ആകെ — 118884 ക്വിന്റൽ

(സി) നെല്ലിന്റെ സംഭരണ വില നിശ്ചയിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും കാർഷിക സഹകരണ സംഘങ്ങളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, മില്ലുകളിലെത്തിക്കുന്ന നെല്ലിന് കിലോഗ്രാമിന് 7 രൂപ എന്ന നിരക്ക് നിശ്ചയിക്കുകയും ചെയ്തു.

(ഡി)&(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത് കാർഷിക സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ല് ഏറ്റെടുക്കുന്നതിന് 4-6-2005-ലെ GO (MS) No. 22/05/FCS & CAD പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 4-6-2005 മുതൽ നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്.

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ല് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ധാരണപത്രത്തിൽ ഒപ്പിടുകയുണ്ടായി. ഇതുപ്രകാരം എഫ്.സി.ഐ.-ക്ക് അരി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ

58 [369] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*
,, *കെ. എ. പത്രൻ:*
,, *പ്രയാർ ഗോപാലകൃഷ്ണൻ:*
,, *എം എം ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത എത്ര സഹകരണ സംഘങ്ങൾ നെല്ല് സംഭരണം നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യാത്ത എത്ര സംഘങ്ങൾ നെല്ല് സംഭരണം നടത്തി;

(സി) ഓരോ വിഭാഗത്തിലുംപ്പെട്ട സംഘങ്ങൾ എത്ര ടൺ നെല്ല് വീതം കർഷകരിൽ നിന്ന് എടുത്തിട്ടുണ്ട്.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യാത്ത സംഘങ്ങളിൽ നിന്ന് പ്രസ്തുത കോർപ്പറേഷൻ നെല്ല് സംഭരിക്കാത്തത് എന്തു കൊണ്ടാണ്;

(ഇ) രജിസ്റ്റർ ചെയ്ത സംഘങ്ങളിൽ നിന്ന് ഇതുവരെ എത്ര ടൺ നെല്ല് ഒട്ടാകെ സംഭരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത 44 ഏജൻസികളിൽ 7 എണ്ണം സഹകരണ സംഘങ്ങളും 34 എണ്ണം സഹകരണ ബാങ്കുകളും 3 എണ്ണം മറ്റു സമിതികളുമാണ്.

(ബി) കോർപ്പറേഷനെ അറിയിക്കാത്ത സംഘങ്ങളുടെ സംഭരണത്തെപ്പറ്റിയുള്ള വിവരം ലഭ്യമല്ല.

(സി) കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത ഏജൻസികൾ കർഷകരിൽ നിന്ന് 459673 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഡി) നെല്ല് സംഭരണം പൊടുന്നനവെ സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി നടപ്പാക്കണമെന്ന ആവശ്യം ഉയർന്നപ്പോൾ ഈ പദ്ധതി വിജയകരവും ഫലപ്രദവും ആക്കുവാനുള്ള ആസൂത്രണത്തിനും അതിനുവേണ്ടുള്ള തയ്യാറെടുപ്പിനും എത്ര നെല്ലെടുക്കേണ്ടിവരുമെന്ന കണക്ക് മുൻകൂറായി ആവശ്യമായിരുന്നു. അങ്ങനെ പ്രസ്തുത തയ്യാറെടുപ്പിനായി വിവിധ പത്ര മാധ്യമങ്ങൾ വഴി അറിയിച്ച് നടത്തിയതിൻപ്രകാരം ഒരു നിശ്ചിത തീയതിക്കു മുമ്പായി കിട്ടിയ (3-5-2005) കണക്കനുസരിച്ചാണ് നെല്ലെടുപ്പിനുള്ള പദ്ധതി ഇറംപ്രാരമമായി രൂപപ്പെടുത്തിയത്;

(ഇ) കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത ഏജൻസികളിൽ നിന്ന് 30-6-2005 വരെ 118884 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly